പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 824

10/02/2016 -ൽ

മറുപടിയ്ക്കു്

## ശബരിമല മാസ്റ്റർ പ്ലാൻ

ചോദ്യം

ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. കെ. മുരളീധരൻ
ശ്രീ. പി.സി. വിഷ്ണുനാഥ്

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) | ശബരിമലയുടേയും, ശബരിമലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടേയും സമഗ്ര വികസനമാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്. പദ്ധതിയുടെ പൂർത്തീകരണത്തോടെ ശബരിമല പരിപാവനമായ ഒരു കാനന ക്ഷേത്രമായി നിലനിർത്തിക്കൊണ്ട് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള വികസന പദ്ധതികളാണ് ലക്ഷ്യമിടുന്നത്. |
| സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | ശബരിമല മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ വിവിധ ഘട്ടങ്ങ ളിലായി നാളിതുവരെ 65.32 കോടി രൂപ ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിൽ നൽകിയിട്ടുണ്ട്. ഒപ്പം ഓരോ ഘട്ടത്തിലുമുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും കാര്യക്ഷമമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ